©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XII
# (ആരോഗ്യവും കുടുംബക്ഷേമവും)

## 'സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത്' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii)പ്രകാരമുള്ളത്]**

2024 ഫെബ്രുവരി 2-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XII
# (ആരോഗ്യവും കുടുംബക്ഷേമവും)

**'സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii)പ്രകാരമുള്ളത്]

410/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 4 |

# സബ്ജക്ട് കമ്മിറ്റി XII

## (ആരോഗ്യവും കുടുംബക്ഷേമവും)

## (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീമതി വീണാ ജോർജ്ജ്,

ആരോഗ്യ-വനിത-ശിശു വികസന-വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ.ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പുഷ്പാംഗദൻ റ്റി., അണ്ടർ സെക്രട്ടറി.

# അവതാരിക

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം തയ്യാറാക്കിയിട്ടുള്ള ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ഈ റിപ്പോർട്ട് സമിതി അദ്ധ്യക്ഷയായ ഞാൻ സമർപ്പിക്കുന്നു.

'സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 2023 ജൂൺ മാസം 7-ാം തീയതി നിയമസഭാ സമുച്ചയത്തിലെ 604-ാം നമ്പർ സമ്മേളന ഹാളിൽ യോഗം ചേർന്ന് ചർച്ച ചെയ്യുകയുണ്ടായി. നവകേരളം കർമ്മ പദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ വിഭാവനം ചെയ്ത പ്രധാനപ്പെട്ട ഈ പദ്ധതിയെ സംബന്ധിച്ചും പൊതുജനപങ്കാളിത്തത്തോടെ ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ചും സമിതി വിശദമായി ചർച്ച ചെയ്തു. പ്രസ്തുത ചർച്ചയുടേയും ആരോഗ്യകുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ മാർഗ്ഗരേഖയുടെയും മറ്റ് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഈ വിഷയത്തിൽ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജനുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വീണാ ജോർജ്ജ്,**
അദ്ധ്യക്ഷ,
സബ്ജക്ട് കമ്മിറ്റി XII.

തിരുവനന്തപുരം,
2024 ഫെബ്രുവരി 2.

# റിപ്പോർട്ട്

ഗുണമേന്മയുള്ള സേവനങ്ങൾ കുറഞ്ഞ ചെലവിൽ ഒരുക്കി മെച്ചപ്പെട്ട പൊതുജനാരോഗ്യ സൂചകങ്ങൾ കൈവരിക്കാൻ സാധിച്ചതിനാലാണ് സംസ്ഥാനത്തെ ആരോഗ്യ സംവിധാനം ഒരു മാതൃകയായി അംഗീകരിക്കപ്പെട്ടത്. സംസ്ഥാനം കാലാകാലങ്ങളിൽ നേടിയ വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക പുരോഗതിയും ആരോഗ്യരംഗത്തെ ഈ നേട്ടത്തിന് കാരണമായിട്ടുണ്ട്. ആരോഗ്യ, അനുബന്ധ മേഖലകളിൽ സംസ്ഥാനം ആർജ്ജിച്ച പുരോഗതിയിലൂന്നിയാണ് കോവിഡ്, നിപ്പാ തുടങ്ങിയ മാരക വൈറസ് രോഗങ്ങളെ ശക്തമായി പ്രതിരോധിക്കാൻ നമുക്ക് സാധിച്ചത്.

സംസ്ഥാനത്ത് ആരോഗ്യ മേഖലയിലുണ്ടാകുന്ന പുതിയ വെല്ലുവിളികളെ നേരിടുന്നതിന് നൂതന കർമ്മപദ്ധതികൾ ശക്തമായി നടപ്പിലാക്കേണ്ടതുണ്ട്. ജീവിതശൈലീ രോഗനിയന്ത്രണം, പകർച്ചവ്യാധി നിയന്ത്രണം, മാതൃശിശു സംരക്ഷണം, കൗമാരക്കാരുടെയും മുതിർന്ന പൗരൻമാരുടെയും മാനസികാരോഗ്യസംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ, സാന്ത്വന പരിചരണം തുടങ്ങിയ മേഖലകളിലെല്ലാം ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാകുംവിധം വിവിധ സേവനങ്ങൾ നല്കാൻ കഴിയുന്ന വിധത്തിൽ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ആവശ്യമായ നടപടികൾ വ്യത്യസ്തതലങ്ങളിൽ സ്വീകരിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളിലൂടെ ചികിത്സാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം രോഗപ്രതിരോധവും, ആരോഗ്യവർദ്ധക സേവനങ്ങളും മാതൃശിശു സംരക്ഷണവും കൗമാരപ്രായക്കാരുടെ സംരക്ഷണവും മാനസികാരോഗ്യ സംരക്ഷണവും ശക്തിപ്പെടുത്തി അവ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിൽ സംസ്ഥാനത്തെ ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ ശക്തമായ ആരോഗ്യ കേന്ദ്ര ശൃംഖലയെ പ്രയോജനപ്പെടുത്തി ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി നടത്തിപ്പിലെ ഉത്തരവാദിത്തം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ നിക്ഷിപ്തമാക്കാൻ കഴിയും. കൂടാതെ, ജനങ്ങളുടെ ശാരീരിക, മാനസിക ആരോഗ്യവും ക്ഷേമവും നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള കൂടുതൽ നടപടികളും കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി സ്വീകരിയ്ക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു.

ഈ സാഹചര്യത്തിലാണ് സംസ്ഥാന ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരാൻ സമിതി തീരുമാനിച്ചത്. പ്രസ്തുത യോഗം 2023 ജൂൺ മാസം 7-ാം തീയതി

നിയമസഭ സമുച്ചയത്തിൽ ചേരുകയും മേൽ വിഷയം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് തയ്യാറാക്കിയ മാർഗ്ഗരേഖ, ബന്ധപ്പെട്ട മറ്റ് രേഖകൾ, വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സമിതി വിശദമായ ചർച്ച നടത്തുകയും ചെയ്തു.

പ്രസ്തുത ചർച്ചയുടെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച മാർഗ്ഗരേഖയുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ നല്കിയിരിക്കുന്നു.

**ശിപാർശകൾ/നിർദ്ദേശങ്ങൾ**

1. എല്ലാ ജനകീയാരോഗ്യ കേന്ദ്രങ്ങളിലും കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കി ഇ-സഞ്ജീവനി സംവിധാനം ഏർപ്പെടുത്തുമെന്നും അതിലൂടെ ഡോക്ടറുടെ സേവനം ലഭ്യമാക്കാനും ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നിന്റെ ആദ്യ ഡോസ് നൽകാനും സാധിക്കുമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ സമിതി മുൻപാകെ വിശദീകരിച്ചിരുന്നു. ആയതിനാൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും അതിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതുമായ ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

2. സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ പൊതുപരീക്ഷയും, ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ളവർ ഇന്റർവ്യൂവും നടത്തിയാണ് മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡേഴ്സ് (MLSP), JPHN, JHI, ASHA Worker ഉൾപ്പെടെയുള്ള കരാർ ജീവനക്കാരെ നിയോഗിക്കുന്നതെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ വിശദീകരിച്ചിരുന്നു. <u>MLSP, JPHN, JHI, ASHA Worker ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകിയ വേതനം, എത്രപേരെ നാളിതുവരെ നിയമിച്ചിട്ടുണ്ട്, മറ്റിതര ചെലവുകൾ എന്നിവ സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് ഇനം തിരിച്ച് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

3. ജനകീയാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡിലെ മെമ്പറാണ് ജനകീയാരോഗ്യ ക്ലബുകളിൽ ജനകീയ വെൽഫെയർ കമ്മിറ്റിക്ക് നേതൃത്വം നൽകുന്നത് എന്നും ജനകീയാരോഗ്യ പ്രവർത്തനത്തിന് താൽപ്പര്യമുള്ള മൂന്ന് വ്യക്തികളെ കൂടി ഇതിൽ അംഗങ്ങളാക്കുകയും, അവർ നന്നായി പ്രവർത്തിക്കുന്നില്ലെങ്കിൽ മാറ്റുകയും ചെയ്യുമെന്നും സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതി മുൻപാകെ ബോധിപ്പിച്ചിരുന്നു. ആയതിനാൽ, പ്രസ്തുത മൂന്ന് അംഗങ്ങളുടെയും വിദ്യാഭ്യാസ യോഗ്യത, അവർക്ക് നൽകുന്ന പ്രതിഫലം, അവരുടെ നിയമനം സംബന്ധിച്ച കാര്യങ്ങൾ എന്നിവ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

4. ജനകീയാരോഗ്യ കേന്ദ്രങ്ങളിലെ കരാർ നിയമനങ്ങളിലേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നതു സംബന്ധിച്ച പരസ്യം ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിലും പ്രമുഖ പത്രങ്ങളുടെ എല്ലാ ജില്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനും കൂടാതെ ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള എല്ലാ വിഭാഗം ജനങ്ങളിലും ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. ഓരോ നിയോജക മണ്ഡലത്തിലെയും ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അതാതു പ്രദേശത്തെ എം.എൽ.എ. ചെയർമാനായും ഡെപ്യൂട്ടി ഡി.എം.ഒ, നാഷണൽ ഹെൽത്ത് മിഷൻ ഉദ്യോഗസ്ഥൻ, മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായും ഉള്ള ഒരു ഹെൽത്ത് റിവ്യൂ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പണമായി ലഭിയ്ക്കുന്ന സംഭാവനകൾ, ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രത്തിന്റെ പ്രത്യേക അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ച് പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൻകീഴിൽ നടപ്പിലാക്കുന്ന ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. പണമായിട്ടുള്ള സംഭാവനകൾ മാതൃസ്ഥാപനമായ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ എച്ച്.എം.സി-യിൽ നിക്ഷേപിച്ച് ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്നുള്ള നിർദ്ദേശം മാറ്റണമെന്നും ഇപ്രകാരം സ്വരൂപിക്കുന്ന പണം മാതൃസ്ഥാപനമായ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇതിനായി ആരംഭിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പണം അവിടെത്തന്നെ വിനിയോഗിക്കുന്നു എന്നുറപ്പുവരുത്താൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

7. സ്വന്തമായി സ്ഥലമില്ലാത്ത 723 സബ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ, പ്രസ്തുത സബ് സെന്ററുകൾക്ക് അഞ്ച് സെന്റിൽ കുറയാത്ത സ്ഥലം ലഭ്യമാക്കി സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് വിഭാവനം ചെയ്ത ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന മാർഗ്ഗരേഖ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

വീണാ ജോർജ്ജ്,

തിരുവനന്തപുരം,
2024 ജനുവരി 3.

*അദ്ധ്യക്ഷ,*
*സബ്ജക്ട് കമ്മിറ്റി XII.*

<u>അനുബന്ധം</u>

**ജനകീയ ആരോഗ്യ കേന്ദ്രം**

<u>പ്രവർത്തന മാർഗ്ഗരേഖ</u>

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം താഴെപ്പറയുന്ന പ്രകാരമായിരിക്കും.

I. <u>ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ</u> :

സ്വന്തമായി കെട്ടിടമുള്ള കേന്ദ്രങ്ങൾക്ക് ദേശീയ ആരോഗ്യ ദൗത്യത്തിൽ നിന്ന് ലഭിക്കുന്ന ഏഴ് ലക്ഷം രൂപ ജനകീയ ആരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ഉപയോഗിക്കാവുന്നതാണ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ദേശീയ ആരോഗ്യ ദൗത്യം വഴി നൽകേണ്ടതാണ്. ഇന്റർനെറ്റ് കണക്ഷൻ കെ-ഫോൺ വഴിയും ലഭ്യമാക്കാവുന്നതാണ്. ടെലിമെഡിസിൻ സേവനങ്ങൾക്കും, പരിശീലനങ്ങൾക്കും, വിവരശേഖരണത്തിനും, റിപ്പോർട്ടുകൾ അയക്കുവാനും ഇവ ഉപയോഗിക്കാവുന്നതാണ്.

23-5-2023 തീയതിയിലെ സർക്കുലർ നമ്പർ എഫ്.എം. 3/138/2023 ത.സ്വ.ഭ.വ. പ്രകാരം സ്വന്തമായി ഭൂമിയില്ലാത്ത കേന്ദ്രങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊജക്റ്റ് വഴി ഭൂമി വാങ്ങാവുന്നതാണ്. അപ്രകാരം ഏറ്റവുംകുറഞ്ഞത് അഞ്ച് സെന്റ് ഭൂമിയെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രം നിർമ്മിക്കാനായി വാങ്ങേണ്ടതാണ്. കൂടാതെ, കെട്ടിടമില്ലാത്ത കേന്ദ്രങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വഴി ലഭിക്കുന്ന തുക ജനകീയ ആരോഗ്യ കേന്ദ്രം നിർമ്മിക്കാനായി ഉപയോഗിക്കാവുന്നതാണ്.

II. <u>ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ലഭിക്കുന്ന അധിക സേവനങ്ങളും സൗകര്യങ്ങളും</u>

ജനസൗഹൃദ അന്തരീക്ഷം സംജാതമാകുന്ന, മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 19-1-2023 തീയതിയിലെ സ.ഉ.(സാധാ) നം. 131/2023/ ആ.കു.വ ഉത്തരവ് പ്രകാരം കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ വഴി നടപ്പിലാക്കേണ്ട എല്ലാ പ്രവർത്തനങ്ങളും, ഫീൽഡ് തലത്തിലും സ്ഥാപന തലത്തിലും നൽകേണ്ട എല്ലാ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ സേവനങ്ങളും ലഭ്യമാക്കേണ്ടതാണ്. കൂടാതെ ക്ലിനിക്കൽ സേവനങ്ങൾ (പ്രഥമ ശുശ്രൂഷ, ഡിസ്ചാർജ് ആകുന്ന രോഗികളുടെ തുടർ പരിചരണം, ജീവിതശൈലീ രോഗ സാദ്ധ്യത കണ്ടെത്തലും രോഗനിർണ്ണയവും, ശ്വാസകോശ രോഗ സാദ്ധ്യത കണ്ടെത്തൽ, ജീവിതശൈലീ രോഗ സങ്കീർണത സാദ്ധ്യത കണ്ടെത്തലും നിർണ്ണയവും, പല്ല്, ചെവി, കണ്ണ് രോഗങ്ങളുടെ വിലയിരുത്തലും പരിഹാര നിർദേശങ്ങളും, സമ്പൂർണ്ണ മാനസികാരോഗ്യം, അർബുദ ചികിത്സാ, തുടർചികിത്സ

മാർഗ്ഗനിർദേശങ്ങൾ), ലാബ് പരിശോധനകൾ, മരുന്നുകൾ, RBSK സ്ക്രീനിങ്, ടെലിമെഡിസിൻ സേവനങ്ങൾ, പുനരധിവാസ സേവനങ്ങൾ, സാന്ത്വന പരിചരണം, റഫറൽ സേവനങ്ങൾ എന്നിവയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

III. ലാബ് പരിശോധനകൾ :

19-1-2023 തീയതിയിലെ സ.ഉ.(സാധാ) നം. 131/2023/ ആ.കു.വ. ഉത്തരവിലെ അനുബന്ധം 1-ൽ പരാമർശിച്ചിട്ടുള്ള എല്ലാ ലാബ് പരിശോധനകളും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

IV. മരുന്നുകൾ

19-1-2023 തീയതിയിലെ സ.ഉ.(സാധാ) നം. 131/2023/ ആ.കു.വ ഉത്തരവിൽ കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ നിന്ന് നൽകാവുന്ന 78 മരുന്നുകളുടെ പട്ടിക അനുബന്ധം 1 (B) ആയി ചേർത്തിട്ടുണ്ട്. അതിൽ ഫീൽഡ് പ്രവർത്തനങ്ങൾക്ക് നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 36 മരുന്നുകൾ, ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടിക 1-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ആദ്യ ഘട്ടമെന്ന നിലയിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് തുടർച്ചയായി ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

V. ഉപകരണങ്ങൾ

19-1-2023 തീയതിയിലെ സ.ഉ.(സാധാ) നം. 131/2023/ ആ.കു.വ.-യിലെ ഉത്തരവിൽ അനുബന്ധം 2(A)-യിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ ഉപകരണങ്ങളും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പാക്കേണ്ടതാണ്. ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വഴിയും, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വഴിയും ഉപകരണങ്ങൾ ലഭ്യമാക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഒരുക്കുവാനുള്ള ഫണ്ടുകൾ കണ്ടെത്താവുന്നതാണ്.

VI. പ്രവർത്തന സമയം

19-01-2023 തീയതിയിലെ സ.ഉ.(സാധാ) നം 131/2023/ ആ.കു.വ ഉത്തരവിൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരമായിരിക്കും ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം.

VII. ജീവനക്കാരുടെ യൂണിഫോം

യൂണിഫോം നിഷ്കർഷിച്ചിട്ടുള്ള എല്ലാ ജീവനക്കാരും ജോലി സമയത്ത് നിർബന്ധമായും യൂണിഫോം ധരിക്കേണ്ടതാണ്. വനിതാ MLSP മാർക്ക് sky blue നിറമുള്ള സാരി അല്ലെങ്കിൽ ചുരിദാറാണ് യൂണിഫോം. പുരുഷ MLSP മാർക്ക് sky blue ഷർട്ടും കറുത്ത പാന്റ്സുമാണ് യൂണിഫോം. യൂണിഫോമിന് മുകളിൽ ധരിക്കുന്ന ഓവർക്കോട്ടിന്റെ രണ്ട് കൈകളിലും രണ്ട് സെൻറിമീറ്റർ വീതിയുള്ള പിങ്ക് ( Pixie dust - 8137) നിറമുള്ള ബാന്റ് ഉണ്ടാവണം. JPHN മാർക്ക് നിലവിലെ യൂണിഫോം തന്നെ തുടർന്നും ഉപയോഗിക്കാം. JHI മാർക്ക് പ്രത്യേക യൂണിഫോം നിഷ്കർഷിച്ചിട്ടില്ല.

VIII. ധനസ്രോതസ്സുകൾ

സംസ്ഥാന-ദേശീയ പ്രോഗ്രാമുകൾക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, ദേശീയ ആരോഗ്യ ദൗത്യം ഫണ്ട്, സി.എസ്.ആർ. ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ്, ജനങ്ങളിൽ നിന്നുള്ള സംഭാവനകൾ എന്നിവ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

എ) ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ചെയ്യേണ്ട ലാബ് ടെസ്റ്റുകൾക്ക് ആവശ്യമായ കിറ്റുകൾ വാങ്ങുന്നതിനും, അവ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും, സാമ്പിളുകൾ റഫറൽ ലാബുകളിലേക്ക് എത്തിക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, IEC എന്നിവ നൽകുന്നതിനും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിലെ സ്കീം മൂന്ന് പ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. കൂടാതെ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിലെ സ്കീം നാല് പ്രകാരം രോഗ പ്രതിരോധ, ആരോഗ്യ വർദ്ധക, ചികിത്സ, പുനരധിവാസം, സാന്ത്വന പരിചരണം മുതലായ വിവിധ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾക്കും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും, ഇന്റർനെറ്റ് സേവനം എർപ്പെടുത്തുന്നതിനും, അണുബാധാ നിയന്ത്രണ പ്രവർത്തനങ്ങൾക്കും വേണ്ട ചെലവുകൾ വഹിക്കാവുന്നതാണ്.

ബി) ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നുള്ള പിന്തുണ സേവനങ്ങളായോ, സാമഗ്രികളായോ, ഫണ്ടുകളായോ സ്വീകരിക്കാവുന്നതാണ്. സാമഗ്രികളായി ലഭിക്കുന്നവ അതാത് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ സ്റ്റോക്കിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പേരിൽ ലഭിക്കുന്ന സി.എസ്.ആർ. ഫണ്ട്, ജനങ്ങളിൽനിന്നുള്ള

സംഭാവനകൾ എന്നിവ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ/കുടുംബാരോഗ്യ/സാമൂഹികാരോഗ്യ/ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർമാർ രസീത് നൽകി സ്വീകരിച്ച് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുകയും ആയത് അതാത് ജനകീയ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കേണ്ടതുമാണ്. ഇതിനായി മെഡിക്കൽ ഓഫീസർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് എന്നിവർ ചേർന്ന് ജോയിന്റ് അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. ഈ അക്കൗണ്ടുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകളും മറ്റ് ക്ലെറിക്കൽ ജോലികളും മാതൃസ്ഥാപനത്തിലെ ക്ലാർക്ക് നിർവ്വഹിക്കേണ്ടതാണ്.

സി) സ്ഥാപനത്തിലേക്കുള്ള രജിസ്റ്ററുകൾ, മറ്റ് ദൈനംദിന സാധനങ്ങൾ, സ്ഥാപനത്തിന്റെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ എന്നിവയ്ക്ക് തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ് (9-4-2023 തീയതിയിലെ സ.ഉ. (കൈ.) നം. 90/2023/ ത.സ്വ.ഭ.വ., ഉത്തരവ് പ്രകാരം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് തുടങ്ങിയവ ഉപയോഗപ്പെടുത്തേണ്ടതാണ്.

IX. <u>ബ്രാൻഡിംഗ്</u>

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പുറം ചുമരുകൾക്ക് പിങ്ക് നിറവും (Pixie dust -8137, Border-8134 ) ഉൾഭാഗത്ത് നീല (Blue bay-7329) നിറവുമാണ് പെയിന്റ് ചെയ്യേണ്ടത്. സ്ഥാപനത്തിന് അപ്പെൻഡിക്സ് 2 പ്രകാരമുള്ള നെയിം ബോർഡ് ഉണ്ടാകേണ്ടതാണ്. മുൻവശത്തെ ചുമരിൽ അപ്പെൻഡിക്സ് 3 പ്രകാരമുള്ള കോ-ബ്രാൻഡിങ് പതിപ്പിക്കേണ്ടതാണ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും മേൽപ്പറഞ്ഞ നിറവും ബ്രാൻഡിങ്ങും കോ-ബ്രാൻഡിങ്ങും നിർബന്ധമാണ്.

ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള പരിവർത്തന പ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യ ദൗത്യം വഴി നിലവിൽ അനുവദിച്ച ഏഴ് ലക്ഷം രൂപ മറ്റ് പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും ചെലവാക്കിയ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന ഫണ്ട് ബ്രാൻഡിംഗ് ചെയ്യാനായി ഉപയോഗിക്കാവുന്നതാണ്. ഇത് കൂടാതെ ദേശീയ ആരോഗ്യ ദൗത്യം 2023-24 സാമ്പത്തിക വർഷത്തെ ROP യിലെ ക്രമ നമ്പർ 150-ലെ ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അനുമതിയോടുകൂടി ഉപയോഗിക്കാവുന്നതാണ്.

## X. മാലിന്യ സംസ്കരണവും ശുചിത്വവും

ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഖര, ദ്രവ, ബയോമെഡിക്കൽ മാലിന്യങ്ങൾ നിലവിലെ നിയമങ്ങൾ പാലിച്ച് കൊണ്ട് സംസ്കരിക്കേണ്ടതാണ്. ഖര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ഹരിതകർമ്മസേനയുടെ സഹായത്തോടെ നീക്കം ചെയ്യാവുന്നതാണ്. ബയോമെഡിക്കൽ മാലിന്യ പരിപാലനം കുടുംബാരോഗ്യ കേന്ദ്രവുമായി ചേർന്ന് നടപ്പിലാക്കേണ്ടതാണ്. ഇതിനുള്ള വാഹന സൗകര്യം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കണം. ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള കളർ കോഡഡ് ബിൻ, കവർ, Tamper Proof Container എന്നിവ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്ന് എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേക്കും ആവശ്യാനുസരണം നൽകേണ്ടതാണ്. ബയോമെഡിക്കൽ മാലിന്യങ്ങൾ മാതൃ സ്ഥാപനത്തിൽ എത്തിക്കുന്നതിന് വേണ്ട പ്ലാൻ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്. ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ പ്രധാനമായും ലാബ് സംബന്ധിച്ചതായതിനാൽ ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് സ്കീം മൂന്ന് പ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ദൈനംദിന ശുചിത്വം ഉറപ്പാക്കേണ്ടത് ടീമംഗങ്ങൾ തന്നെയാണ്. അധികമായി ചെയ്യേണ്ടി വരുന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത്, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സേവനം തേടാവുന്നതാണ്. ഇങ്ങനെ ഫണ്ട് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് സ്കീം നാല് പ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. ജനകീയ ആരോഗ്യ കേന്ദ്ര ക്ഷേമ സമിതി ഇതിനുള്ളപിന്തുണ നൽകുകയും മേൽനോട്ടം വഹിക്കുകയും ചെയ്യണം.

## XI. ജനകീയ ആരോഗ്യ ക്ലബ്ബുകൾ

ജനകീയ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കണം. ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിന് ഒരു ജനകീയ ആരോഗ്യ ക്ലബ് എന്ന രീതിയിലാണ് രൂപം നൽകേണ്ടത് . ജനകീയ ആരോഗ്യ ക്ഷേമ സമിതിയുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. എല്ലാ വാർഡുകളിൽ നിന്നും ജനകീയ ആരോഗ്യ പ്രവർത്തനങ്ങളിൽ താൽപര്യമുള്ള മൂന്ന് പേരെ വീതം വാർഡ് ടീം തിരഞ്ഞെടുത്ത് ജനകീയ ആരോഗ്യ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള

ചുമതല നൽകാവുന്നതാണ്. പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഈ അംഗങ്ങളെ ആവശ്യമുള്ള സന്ദർഭങ്ങളിൽ മാറ്റാവുന്നതാണ്. ആരോഗ്യ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കുക എന്നതാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം.

## ജനകീയ ആരോഗ്യ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

ജീവിതശൈലീ രോഗ നിയന്ത്രണം, വയോജന ആരോഗ്യം, കൗമാരാരോഗ്യം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മാനസികോല്ലാസം, വ്യായാമം, യോഗ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ നടത്താം. ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള മുഴുവൻ ജനങ്ങൾക്കും ആവശ്യമായ രോഗപ്രതിരോധ, ആരോഗ്യവർദ്ധക സേവനങ്ങൾ, പ്രാഥമിക ചികിത്സ, പുനരധിവാസ സേവനങ്ങൾ, സാന്ത്വന പരിചരണം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ജനകീയ ആരോഗ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തണം.

- ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്ന അനാരോഗ്യകരമായ ജീവിതരീതികളെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിച്ച് ആരോഗ്യകരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

- ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിലുള്ള മുഴുവൻ ജനങ്ങളുടെയും ആരോഗ്യാവസ്ഥ പരിശോധിച്ച് രോഗങ്ങൾ ഉള്ളവരുടേയും രോഗ സാദ്ധ്യതയുള്ളവരുടേയും പട്ടിക തയ്യാറാക്കി രോഗസാദ്ധ്യതയുള്ളവർക്ക് രോഗനിർണ്ണയം നടത്തുവാനായി സ്ക്രീനിങ് ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. ഈ ക്യാമ്പുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ കൂടെ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്.

- ജനങ്ങളുടെ വ്യായാമ ശീലം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. നടത്തം, യോഗ, ജിം, സൈക്ലിംഗ്, നീന്തൽ, മറ്റ് കായിക വിനോദങ്ങൾ തുടങ്ങിയവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുകയും പൊതുജനങ്ങൾ അത്തരം വ്യായാമങ്ങളിൽ ഏർപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

- പൊതുജനങ്ങളുടെ ഭക്ഷണ ശീലങ്ങൾ ആരോഗ്യകരമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തണം. ആഹാരത്തിൽ ഉപ്പിന്റെ അളവ് കുറയ്ക്കൽ, ഹെൽത്തി പ്ലേറ്റിന്റെ പ്രചാരണം, പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തൽ, പ്രാദേശികമായി ഇവ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം മുതലായവ ഇതിന്റെ ഭാഗമായി നടത്താവുന്നതാണ്.

- ലഹരി ഉപയോഗത്തിന് എതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

- രോഗംമൂലവും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ മൂലവും പ്രയാസപ്പെടുന്നവർക്ക് മാനസിക സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തണം. ഇതോടൊപ്പം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായും ജീവിതശൈലീരോഗ സങ്കീർണ്ണതകൾ ഉള്ളവർക്കായും ജനകീയ കൂട്ടായ്മയ്ക്കുള്ള ഇടങ്ങൾ ഒരുക്കുക, പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക എന്നിവയും നടപ്പിലാക്കാവുന്നതാണ്.

- വയോജനങ്ങൾ, ഒറ്റയ്ക്ക് താമസിക്കുന്നവർ, പാർശ്വവത്കൃതർ എന്നിവർക്ക് പിന്തുണ ഒരുക്കുക.

- അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതാണ്.

- പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ (ഉദാ: ഉറവിട നശീകരണം, മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ) നടത്തേണ്ടതാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായി മാലിന്യം സംസ്കരിക്കുന്നതിനുള്ള രീതികൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും അതിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

- ജനകീയ ആരോഗ്യ കേന്ദ്ര പരിധിയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ആരോഗ്യ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കേണ്ടതാണ്.

വിവിധ പ്രോഗ്രാമുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം, എൻഎച്ച്എം, പ്ലാൻ ഫണ്ട് എന്നിവ വഴി ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ചാണ് ജനകീയ ആരോഗ്യ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. സന്നദ്ധ സംഘടനകളുടെ സംഭാവന, സി.എസ്.ആർ. ഫണ്ട്, വ്യക്തികളുടെ സംഭാവനകൾ മുതലായവയും ജനകീയ ആരോഗ്യക്ഷേമ സമിതിയുടെ നേതൃത്വത്തിൽ സമാഹരിക്കാം. ആരോഗ്യ പ്രവർത്തനങ്ങൾക്ക് വേണ്ട സാമഗ്രികൾ സംഭാവനയായി ലഭിക്കുന്നത് ഡൊണേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഫണ്ടുകൾ മാതൃസ്ഥാപനത്തിലെ പ്രത്യേക അക്കൗണ്ടിലേക്ക് സ്വീകരിച്ച് അതാത് ജനകീയ ആരോഗ്യ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. **ജനകീയ ആരോഗ്യ ക്ഷേമ സമിതിയുടെ നേതൃത്വത്തിലാണ് ജനകീയ ആരോഗ്യ ക്ലബ്ബുകൾ പ്രവർത്തിക്കേണ്ടത്.**

ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ ഫീൽഡ് തല പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് ക്ലബ്ബ് പ്രവർത്തിക്കേണ്ടത്. ജനകീയ ആരോഗ്യ ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ജനകീയ ആരോഗ്യ ക്ലബ്ബുകൾ ജനങ്ങൾക്കിടയിൽ ആരോഗ്യ വർദ്ധക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

XII. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നിരീക്ഷണവും വിലയിരുത്തലും

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ഭരണപരമായ ചുമതല മാതൃസ്ഥാപനത്തിലെ ചാർജ്ജ് മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമാണ്. JPHN മാരുടെ പ്രവർത്തനങ്ങൾ PHN നും JHI മാരുടെ പ്രവർത്തനങ്ങൾ HI യും MLSP മാരുടെ പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസർമാരും നിരീക്ഷിക്കേണ്ടതാണ്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും മാതൃസ്ഥാപനത്തിലേക്ക് അയയ്ക്കേണ്ട റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി നൽകേണ്ട ചുമതല ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ കൂട്ടുത്തരവാദിത്തമാണ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും പ്രതിമാസ കോൺഫറൻസ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭിച്ചു എന്ന് HI, PHN, മെഡിക്കൽ ഓഫീസർ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ റിപ്പോർട്ടിംഗിന്റെ മേൽനോട്ട ചുമതല മാതൃസ്ഥാപനത്തിലെ സൂപ്പർവൈസർമാർക്ക് വീതിച്ചു നൽകാവുന്നതാണ്. മെഡിക്കൽ ഓഫീസർമാർ മാസത്തിൽ ഒരു തവണയെങ്കിലും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തണം. മാതൃസ്ഥാപനത്തിൽ നടക്കുന്ന പ്രതിവാര അവലോകന യോഗങ്ങളിൽ ജനകീയ ആരോഗ്യ കേന്ദ്ര ടീമിലെ ഒരു അംഗമെങ്കിലും ബന്ധപ്പെട്ട രേഖകളുമായി പങ്കെടുക്കേണ്ടതാണ്. പ്രതിമാസ കോൺഫറൻസുകളിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി അവലോകനം ചെയ്യേണ്ടതാണ്. 7-3-2019 തീയതിയിലെ സ.ഉ.(സാധാ) നം. 557/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്തുന്ന പ്രതിമാസ ആരോഗ്യ അവലോകന യോഗങ്ങളിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതാണ്.

ബ്ലോക്ക് മെഡിക്കൽ ഓഫീസറും ബ്ലോക്ക് തലത്തിലുള്ള മറ്റ് സൂപ്പർവൈസർമാരും ബ്ലോക്കിന് കീഴിലുള്ള ഓരോ സ്ഥാപനങ്ങളിലേയും ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിലെങ്കിലും മാസത്തിൽ ഒരു തവണ സന്ദർശനം നടത്തേണ്ടതാണ്. ബ്ലോക്ക് തലത്തിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തപ്പെടേണ്ടതാണ്. ഇതോടൊപ്പം

മൂന്ന് മാസത്തിലൊരിക്കലെങ്കിലും ബ്ലോക്ക് തലത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേയും JPHN, JHI, MLSP എന്നിവരെ വിളിച്ചുചേർത്ത് വിശദമായ അവലോകനവും പരിശീലനങ്ങളും നടത്തേണ്ടതാണ്.

ജനകീയ ആരോഗ്യ കേന്ദ്ര തലത്തിൽ നടക്കുന്ന പ്രോഗ്രാമുകളുടെ ജില്ലാ തല ചുമതല അതാത് പ്രോഗ്രാം ഓഫീസർമാർക്ക് തന്നെയാണ്. സ്ഥാപനം എന്ന നിലയിലുള്ള മേൽനോട്ട ചുമതലകൾ ഒരു ഡെപ്യൂട്ടി ഡി.എം.ഒയ്ക്ക് നൽകേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഡെപ്യൂട്ടി ഡി.എം.ഒ ജില്ലയിലെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടം കൃത്യമായി നടത്തേണ്ടതാണ്.

ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിലേയും DPMSU വിലേയും എല്ലാ പ്രോഗ്രാം ഓഫീസർമാരും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. മൂന്ന് മാസത്തിലൊരിക്കൽ ജില്ലയിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ഒരു ജില്ലാതല ഓഫീസറെങ്കിലും എത്തുന്ന തരത്തിൽ സന്ദർശനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർ ക്രമീകരിക്കേണ്ടതാണ്.

## അപ്പെൻഡിക്സ് 1: ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഉണ്ടാകേണ്ട മരുന്നുകൾ

1. Lignocaine topical 5%
2. Paracetamol
3. Albendazole
4. DEC
5. Doxycycline
6. Clotrimazole ointment/cream
7. Povidone Iodine
8. Iron Folic acid
9. Folic acid tablet
10. Calamine lotion
11. Potassium permanganate 0.1%
12. Betadine ointment
13. Metrogyl for dressing
14. Turpentine
15. Surgical spirit
16. Hydrogen peroxide solution 6%
17. Bleaching powder
18. ORS
19. Zinc
20. OCP
21. IUCD
22. Male Condom
23. EC pill
24. FP commodities
25. Normal saline drops
26. Normal saline for dressing
27. Vitamin C tablet 100mg
28. Calcium carbonate tablet
29. Pyridoxine tablet
30. Vitamin A oral liquid
31. B complex tablet

**Emergency Medicines**

32. Aspirin tablet 75mg
33. Hydrocortisone injection
34. Adrenaline injection 1mg/ml
35. Atropine injection 1mg/ml
36. Silver Sulfadiazine cream

## അപ്പെൻഡിക്സ് 2: ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ നെയിം ബോർഡിന്റെ മാതൃക

കേരള സർക്കാർ

ജനകീയ ആരോഗ്യ കേന്ദ്രം
Health and Wellness Centre

## അപ്പെൻഡിക്സ് 3: മുൻവശത്തെ ചുമരിൽ പതിപ്പിക്കേണ്ട കോ-ബ്രാൻഡിങ്ങിന്റെ മാതൃക

കേരള സർക്കാർ

ജനകീയ ആരോഗ്യ കേന്ദ്രം
Health and Wellness Centre